1

# എൽക്കാനാ

## ഒരു ഭക്തിയുള്ള പിതാവ്

## (1:1 - 2:21)

ഒരു “പിതാവിന്റെ” പങ്ക് ഭാരിച്ച കടമകൾ നിറഞ്ഞതാണ്. കുടുംബ യൂണിറ്റിൽ മുഖ്യമായ സ്വാധീനം ചെലുത്താവുന്നതാണ് പിതാവിന്റെ പങ്കെന്നു സാമൂഹ്യപഠനങ്ങളാൽ തെളിഞ്ഞിട്ടുണ്ട്. കുട്ടിയുടെ വൈകാരികവും, സാമൂഹ്യവും, മതപരവുമായ ക്ഷേമ - വളർച്ച നിർണ്ണയിക്കുന്നത് കുടുംബത്തിൽ പലപ്പോഴും പിതാക്കന്മാരുടെ പങ്കിനെ അടിസ്ഥാനപ്പെടുത്തിയാണ്. അതിശയത്തോടും ആത്മവിശ്വാസത്തോടും കൂടെയാണ് ഒരു കുട്ടി തന്റെ അപ്പനിൽ ദൃഷ്ടി പതിപ്പിക്കുന്നത്. കുട്ടി പറയും, “എന്റെ അപ്പനു എന്തും ചെയ്യുവാൻ കഴിയും!” അത്തരത്തിലുള്ള കുട്ടിയുടെ വീക്ഷണം മുഴുവനായും അപ്പന്റെ പ്രാധാന്യത്തെ വിവരിക്കുകയാണ്. താഴെ കൊടുത്തിരിക്കുന്ന പദ്യം അതിന് കൂടുതൽ പ്രാധാന്യം നൽകുന്നു:

എന്റെ അപ്പനാകുവാൻ ഒരു പുരുഷനെ ഞാൻ തിരഞ്ഞെടുക്കുമെങ്കിൽ,
ഇങ്ങനെയുള്ള ആളെ ഞാൻ വാങ്ങും:
ഒരു കൊച്ചു കുട്ടിയുടെ “എന്തുകൊണ്ട്?” എന്ന ചോദ്യത്തിനു
നിന്നു ഉത്തരം നൽകുന്ന ആൾ
ആൺകുട്ടിയോടായാലും പെൺകുട്ടിയോടായാലും
ദയയോടെ സംസാരിക്കുന്ന ആൾ,
അൽപം സൂര്യപ്രകാശവും സന്തോഷവും നൽകുന്ന
ആൾ.
ബൈബിളിലെ സുവർണ്ണ നിയമം അനുസരിക്കുന്ന ആളെ
ഞാൻ സ്വീകരിക്കും,
സഭായോഗത്തിനും ബൈബിൾ ക്ലാസിനും തുടർച്ചയായി
പോകുന്ന ആളെ ഞാൻ തിരഞ്ഞെടുക്കും.
ഞങ്ങളുടെ കുടുംബവൃക്ഷത്തിൽ വെക്കുവാൻ പറ്റിയ
എറ്റവും നല്ല അപ്പനെ ഞാൻ എടുക്കും-
പിന്നെ ഞാൻ അപ്പനെ പോലെ ജീവിക്കും, അങ്ങനെ ഞാൻ
അപ്പന്റെ അഭിമാനം ആകും!

ദൈവം പുരുഷനെ ഒരു “പിതാവ്” ആയി വെച്ചുകൊണ്ട് അവനു പിതൃത്വത്തിന്റെ കടമകൾ കൊടുക്കുമ്പോൾ, പിതാവിൽ ഉണ്ടാകേണ്ട “ഭക്തിയും” അവൻ ഉദ്ദേശിച്ചിരുന്നു. ഒരാൾ പറഞ്ഞു, “യഥാർത്ഥ ഭക്തി

എന്നത് ആത്മാവിലുള്ള ക്രമത്തിന്റെ തത്വമാണ് - ഒരു ശക്തവും മനോഹരവുമായ അച്ചുതണ്ടിൽ ജനിച്ചു അതിൽ കറങ്ങിക്കൊണ്ട് ഗോളങ്ങളുടെ സംഗീതവുമായി യോജിക്കുന്നു. അതു ഒരാളെ ദൈവസിംഹാസനത്തിനു ചുറ്റും മന്ദമായി വൃത്തത്തിൽ കറക്കുന്ന ഒരു വലിയ നിയമത്തെപോലെയാണ്." ഒരു ഭക്തിയുള്ള പുരുഷൻ ദൈവപുരുഷനാണ്. ഭക്തിയുള്ള പുരുഷൻ ഏതൊരു പ്രവൃത്തിയിലും ദൈവത്തിനു പ്രഥമ സ്ഥാനം നൽകും! ആ ഒരു ഗുണമാണ് പിതൃത്വത്തിൽ വേണ്ടത്!

എൽക്കാനാ ഭക്തി നന്നായി ചിത്രീകരിക്കുന്നുണ്ട്. "ഭക്തിയുള്ള" എന്നതിനേക്കാൾ അവനെ വിവരിക്കുവാൻ യോജിച്ച മറ്റൊരു പദമില്ല. അവന്റെ ജീവിതത്തിലെ എല്ലാ പ്രവൃത്തികളും തെളിയിക്കുന്നത് അവനിലെ ശക്തമായ വിശ്വാസം ആയിരുന്നു. ഏതൊരു കുട്ടിക്കും ഉണ്ടാകേണ്ട തരത്തിലുള്ള അപ്പനായിരുന്നു അവൻ.

ചരിത്രപരമായി, താഴെ കൊടുത്തിരിക്കുന്നതാണ് എൽക്കാനയെ പറ്റി അറിയാവുന്നത്. കനാനിൽ പാർത്തിരുന്ന അഞ്ചാം തലമുറയിൽ പെട്ടവനായിരുന്നു അവൻ. അവൻ ലേവ്യാ ഗോത്രക്കാരനും രാമയിലെ എഫ്രയിം നാട്ടിൽ താമസിച്ചവനും ആയിരുന്നു. തിരുവെഴുത്ത് അവനെക്കുറിച്ചു വെളിപ്പെടുത്തുന്നതെല്ലാം 1:1-2:21 ലുണ്ട്. അവനു രണ്ടു ഭാര്യമാരുണ്ടായിരുന്നു, ആ ബന്ധം പഴയ നിയമത്തിൽ അനുവദനീയമായിരുന്നു (ആവർത്തനപുസ്തകം 21:15). ഈ വസ്തുതയും, സമാഗമനകൂടാരത്തിൽ ഉദാരമായി നല്കിയതും (1:24), സൂചിപ്പിക്കുന്നതു അവൻ ഒരു ധനവാനായിരുന്നു എന്നാണ്. ബഹു ഭാര്യാത്വത്തെ മോശെയുടെ ന്യായപ്രമാണത്തിൽ അനുവദിച്ചിരുന്നെങ്കിലും, അതു പൊതുവിൽ അംഗീകരിക്കപ്പെട്ടിരുന്നില്ല, കൂടാതെ അതു ദൈവം കല്പിച്ചതായിരുന്നില്ല, അതുകൊണ്ടു അതു പരിശീലിച്ച ഭവനങ്ങളിലെല്ലാം കുടുംബബന്ധത്തെ നശിപ്പിച്ചിരുന്നു!

ദൈവത്തിലുള്ള ശക്തമായ വിശ്വാസത്താൽ വളർത്തിയെടുത്ത മഹത്തായ സ്വഭാവത്തിനുടമയായിരുന്നു എൽക്കാനാ. അതു പ്രാധാന്യമുള്ളതാണ് കാരണം അവൻ ജീവിച്ചിരുന്നത് യഹോവയിൽ അസാധാരണമായി സമർപ്പിക്കപ്പെട്ട ന്യായാധിപന്മാരുടെ കാലത്തായിരുന്നു. ഈ ഭക്തിയുള്ള പിതാവിനെക്കുറിച്ചുള്ള വെളിപ്പാട് നാം ഓടിച്ചു നോക്കിയാൽ അവന്റെ ജീവിതത്തിലുണ്ടായിരുന്ന ഭക്തിയിൽ നാം ആകൃഷ്ടരാകും.

### അവന്റെ ഭക്തിക്കു കാരണമായ ഘടകങ്ങൾ

*ഒന്നാമത്, എൽക്കാനയുടെ ദിവസേനയുള്ള ജീവിതം അവന്റെ കുട്ടികൾക്കു മതത്തെ കാണിക്കുന്നതായിരുന്നു (1:3).* അന്യദേവന്മാരെ നമസ്ക്കരിക്കുന്നതിനു പകരം യഹോവയെ നമസ്ക്കരിച്ചവനായിരുന്നു അവൻ (ഒ.വാ.7:4). ദൈവം ഒന്നേയുള്ളു എന്നു എൽക്കാനാ തിരിച്ചറിയുകയും, അവൻ യഹോവയെ സേവിക്കയും ചെയ്തു. ദൈവത്തിലുള്ള അവന്റെ വിശ്വാസം നിമിത്തം, എൽക്കാനയുടെ ജീവിതം മക്കൾക്കു വെല്ലുവിളി ഉയർത്തുകയും അവന്റെ നിലവാരത്തിൽ "ജീവിക്കുവാൻ" അവരെ പ്രേരിപ്പിക്കയും ചെയ്തു (ഒ.വാ. ഇയ്യോബ് 1:15). തന്റെ ഭവനത്തിൽ ആത്മിയകാര്യങ്ങൾ സംസാരിച്ചിരുന്ന ഒരു പിതാവായിരുന്നു അവൻ (1:23; ആവർത്തനപുസ്തകം 6:6-9). അത്തരം ഒരപ്പൻ തന്റെ ഭവനത്തിൽ വരുത്തുന്ന ഫലത്തെക്കുറിച്ചു നിങ്ങൾക്കു ഊഹിക്കുവാൻ കഴിയുന്നുണ്ടോ? എൽക്കാനയെ

പോലെ ഭക്തിയുള്ള ഭവനം അനുഗ്രഹിക്കപ്പെട്ടതും ഭാഗ്യമുള്ളതുമായിരിക്കും! (ഉൽപ്പത്തി 18:19).

മിസിസിപ്പിനദിയുടെ കരയിൽ ഒരപ്പൻ ജീവിച്ചിരുന്നു. ലോകം അവനെ ധനവാൻ എന്നു വിളിച്ചിരുന്നു. ഒരു ദിവസം അയാളുടെ മൂത്ത മകനെ ഒരു അപകടത്തിൽപ്പെട്ട്, അബോധാവസ്ഥയിൽ കൊണ്ടുവന്നു. പെട്ടെന്നു ഡോക്ടറെ വിളിപ്പിച്ചു. തന്റെ മകൻ രക്ഷപ്പെടുമോ എന്നു അപ്പൻ ഡോക്ടറോടു ചോദിച്ചു. മറുപടി ഇതായിരുന്നു: "ഇല്ല, അവൻ മരിച്ചുകൊണ്ടിരിക്കയാണ് രക്ഷപ്പെടുവാൻ സാധ്യതയില്ല." അപ്പൻ പറഞ്ഞു, "അവനോടു ഈ കാര്യം പറയുവാൻ ഇങ്ങോട്ടു കൊണ്ടുവരാമോ? അവൻ മരിക്കുവാൻ പോകുന്നു എന്ന കാര്യം അവൻ അറിയാതിരിക്കരുത്." ഡോക്ടർ പരിശ്രമിക്കയും, ആ മകനു അല്പം - ബോധം വരികയും ചെയ്തു. അപ്പൻ കരഞ്ഞുകൊണ്ട് പറഞ്ഞു, "ഡോക്ടർ പറയുന്നു നീ മരിച്ചുകൊണ്ടിരിക്കയാണ്. മരിക്കുന്നതിനു മുൻപു നീ അതു അറിയാതിരിക്കരുത് എന്നു ഞാൻ കരുതി." മകൻ ചോദിച്ചു, "അപ്പാ എനിക്കു വേണ്ടി പ്രാർത്ഥിക്കുകയില്ലേ?" ആ പിതാവിനു വാക്കുകൾ കിട്ടിയില്ല, എങ്കിലും പറഞ്ഞു, "എന്റെ മകനേ, എനിക്കു പ്രാർത്ഥിക്കുവാൻ കഴിയുകയില്ല." ആ മകൻ ഉടനെ അബോധാവസ്ഥയിലാകുകയും പെട്ടെന്നു മരിക്കുകയും ചെയ്തു. ആ സംഭവത്തിലെ ഖേദകരമായ കാര്യമെന്തെന്നാൽ ആ മകൻ അത്രയും കാലം ആ പിതാവിനോടോപ്പം ആയിരുന്നിട്ടും ആ അപ്പൻ മകനു വേണ്ടി ഒരിക്കലും പ്രാർത്ഥിച്ചിരുന്നില്ല എന്നതാണ്!

*രണ്ടാമത്, ഒരാളുടെ വാക്ക് ദൈവവുമായി കാത്തുകൊള്ളേണ്ടതിന്റെ ആവശ്യത്തെ എൽക്കാന തന്റെ മക്കളെ പഠിപ്പിച്ചു (1:21).* ന്യായാധിപന്മാരുടെ കാലം "ആണയുടെ" കാലമായിരുന്നു, ഇതാ മറ്റൊരു ഉദാഹരണം. ഒരുപക്ഷെ ഈ ആണ ഹന്നയുടെ ആവശ്യവുമായി ബന്ധപ്പെട്ടതാകാം. എൽക്കാന ചെയ്ത വാഗ്ദാനം അവന്റെ കുടുംബം മുഴു വനും അറിഞ്ഞിരുന്നു. തങ്ങളുടെ പിതാവ് ആദ്യം ആ പ്രതിജ്ഞ ദൈവത്തോടു ചെയ്യുന്നതും അതു പാലിക്കുന്നതും അവർ കണ്ടപ്പോൾ, കുറച്ചൊന്നു പറയേണ്ടിയിരുന്നു. തന്റെ പ്രവൃത്തിയാൽ, എൽക്കാനാ വലിയൊരു പാഠം പ്രസംഗിക്കയായിരുന്നു. പിതാക്കന്മാരേ, നിങ്ങൾ ദൈവത്തോടു പ്രതിജ്ഞ ചെയ്യുന്നതു നിവർത്തിക്കുന്നതു നിങ്ങളുടെ മക്കൾ കാണുന്നതിന്റെ പ്രാധാന്യം ഓർക്കാറുണ്ടോ? നിങ്ങളുടെ മാതൃക ശക്തമായ പ്രസംഗമാണ്. ദൈവവുമായുള്ള ഉടമ്പടിയിൽ സത്യസന്ധത പുലർത്തുന്നതാണ് യഥാർത്ഥ ഭക്തി (വായിക്കുക 1 യോഹന്നാൻ 2:6; സങ്കീർത്തനങ്ങൾ 1:1, 2; 116:17, 18; 2 രാജാക്കന്മാർ 15:1-3; സഭാപ്രസംഗി 5:2-6.)

*മൂന്നാമത്, ആരാധനയിൽ വന്നു പങ്കെടുക്കുവാൻ എൽക്കാനാ കുടുംബത്തെ പ്രോൽസാഹിപ്പിച്ചിരുന്നു (1:4, 21).* ഇതാ ക്രമമായി ആരാധിച്ചിരുന്ന ഒരു പിതാവ്! തന്റെ കടമയാലും, നേട്ടത്താലും അവനു പോകുവാൻ അതിയായ താല്പര്യമുണ്ടായിരുന്നു. അവൻ ഉപേക്ഷ വിചാരിച്ചില്ല (നെഹെമ്യാവു 10:39; എബ്രായർ 10:25). അധികദൂരം യാത്ര ചെയ്യേണ്ടിയിരുന്നതു, അവനെ തടസപ്പെടുത്തിയില്ല. അവന്റെ കുടുംബം മുഴുവൻ അവനോടൊപ്പമുണ്ടായിരുന്നു എന്നതും ശ്രദ്ധിക്കുക. എന്തെങ്കിലും തടസം നേരിട്ടില്ലെങ്കിൽ "എല്ലാവരും" പോയിരിക്കും (1:21). ആരാധനയെന്നാൽ കുടുംബം ഒരുമിച്ചായിരിക്കുന്ന സമയമായി അവൻ കണക്കാക്കി, ആരാധനയിൽ കുടുംബത്തിന്റെ

ഐക്യതയെ അവൻ പ്രോത്സാഹിപ്പിച്ചു. അവന്റെ കുടുംബം ഒന്നായി പോകണമെങ്കിൽ അതിനു ഒരുക്കം ആവശ്യമാണ്; അവൻ നല്കിയ യാഗങ്ങൾക്കും ഒരുക്കം ആവശ്യമായിരുന്നു. ഒരു പിതാവെന്ന നിലയിൽ, അവൻ, ദൈവത്തെ ആരാധിക്കുവാൻ എല്ലാവരെയും തയ്യാറാക്കി കൊണ്ട് കുടുംബത്തെ നയിക്കുകയായിരുന്നു! ദൈവത്തെ ആരാധിക്കുവാനുള്ള ഒരുക്കത്തിനു ആവശ്യം-ഉള്ളതെല്ലാം ചെയ്യുവാൻ തയ്യാറുള്ള മനോഭാവം അവനുണ്ടായിരുന്നു. അവന്റെ ആരാധനയിൽ ആദരവും, ഏറ്റു പറച്ചലും, യാചനയും, സ്തോ - ത്രവും ഉൾപ്പെടുത്തിയിരുന്നു. അവന്നു ആരാധന പ്രാധാന്യമുള്ളതായിരുന്നു!

ആരാധന കഴിഞ്ഞ് മടങ്ങി വന്നപ്പോഴും, അവന്റെ ഹൃദയത്തിൽ ഭക്തിയുണ്ടായിരുന്നു എന്നാണ് സൂചന (1:19). തന്റെ ധ്യാനത്തിൽ എൽക്കാനക്കു മടുപ്പില്ലായിരുന്നതിനാൽ അവനു എല്ലാ അവസരങ്ങളിലും നേട്ടം കൈവരിക്കുവാൻ കഴിഞ്ഞു. അവന്റെ മനോഭാവം തന്റെ കുടുംബത്തോടു ആശയവിനിമയം നടത്തിയ അത്ഭുതകരമായസന്ദേശം എന്താണെന്നു നിങ്ങൾക്കു കാണുവാൻ കഴിയുന്നുണ്ടോ? ആരാധന കഴിഞ്ഞു വീട്ടിലേക്കു വരുന്ന രീതി നന്നായിരിക്കുവാൻ പിതാക്കന്മാർ ചിന്തിക്കണം (അവരുടെ കുടുംബത്തോടൊപ്പം); അതു കുട്ടികളെ സ്വാധീനിക്കും (ലൂക്കൊസ് 11:28).

ആരാധനയിൽ പങ്കെടുക്കുവാൻ കുട്ടികളെ എൽക്കാനാ പ്രോൽസാഹിപ്പിച്ചിരുന്നു എന്നു സൂചനയുണ്ട് (1:4). യാഗം അർപ്പിച്ചിരുന്നു, അതിന്റെ ഒരു ഭാഗം ആരാധകനു നൽകിയിരുന്നു. വിരുന്നും കഴിച്ചിരുന്നു, യാഗത്തിന്റെ മടക്കി കിട്ടിയ ഭാഗം അവർ ഭക്ഷിച്ചിരുന്നു. ഈ ഭക്ഷണത്തിനു ലേവ്യരേയും, ദരിദ്രരെയും, വിധവമാരെയും ക്ഷണിക്കുവാൻ ദൈവം കൽപ്പിച്ചിരുന്നു (ആവർത്തനപുസ്തകം 16:11). പങ്കെ - ടുത്തവർ തങ്ങളുടെ പ്രവൃത്തിയെ ആരാധനയായി കാണണമായിരുന്നു. അങ്ങനെ, ഈ സമയത്തെല്ലാം എൽക്കാന അംഗീകരിക്കപ്പെട്ട ആരാധനാരീതികൾ കുട്ടികളെ പരിശീലിപ്പിക്കയായിരുന്നു (എഫെസ്യർ 6:4). ഇന്നു കുട്ടികളെ ആരാധനാ - രീതികൾ പിതാക്കന്മാർ പരിശീലിപ്പിക്കുന്നു എങ്കിൽ അവർ നന്നായി പ്രവർത്തിക്കയാണ്. പലപ്പോഴും കുട്ടികളെ ആരാധനാ രീതികൾ പരിശീലിപ്പിക്കാറില്ല, തൽഫലമായി അവരുടെ ആരാധന വ്യർത്ഥവും ശൂന്യവുമായിതീരുന്നു!

### അവന്റെ ഭക്തിയുള്ള സ്വഭാവത്തിന്റെ ഫലങ്ങൾ

തന്റെ കുടുംബത്തോടുള്ള ഇടപെടലിൽ മാത്രമല്ല, അവന്റെ സ്വഭാവഗുണങ്ങളിലും, എൽക്കാന തന്റെ ഭക്തി പ്രദർശിപ്പിച്ചിരുന്നതായി കാണാം.

*ഒന്നാമതായി, അവൻ മനസിലാക്കുമായിരുന്നു (1:23).* അവൻ മനസിലാക്കിയതുകൊണ്ട് ഇളവുകൾ നൽകിയിരുന്നു. പിതാക്കന്മാർ കടുപ്പമുള്ളവരും, കടുംപിടുത്തക്കാരും, ചലിക്കാത്ത-വരും ആയാൽ എൽക്കാനയെ പോലെ കുടുംബത്തിൽ സ്നേഹം മുഴുവനും ആസ്വദിക്കുവാൻ ഒരിക്കലും കഴിയുകയില്ല. എൽക്കാനയെ പോലെ മനസിലാക്കുന്ന ഭക്തിയുള്ള പിതാക്കന്മാരുള്ള ഭവനങ്ങളാണെങ്കിൽ ആ ഭവനങ്ങൾ വളരെ നന്നാകും. വ്യക്തിപരമായി എല്ലാകാര്യങ്ങളും തിരിച്ചറിയുകയും, അധികാരത്തിൽ പിടിച്ചുതൂങ്ങാതിരിക്കയും, വഴങ്ങുകയും ചെയ്താൽ, കുടുംബത്തിൽ യോ - ജിപ്പു - ണ്ടാകും.

*രണ്ടാമത്, ആത്മീയ കാര്യങ്ങളെ കുറിച്ചു അവൻ ആഴത്തിൽ ചിന്തിച്ചിരുന്നു (1:21).* ഓരോ വർഷവും യാത്ര തീർച്ചയായിരുന്നു. ഇവിടെ ദൈവ

ത്തെകുറിച്ചു കുടുംബത്തോടു വളരെ അധികം സംസാരിച്ചിരുന്നു ഒരു പിതാവിനെ കാണാം. എല്ക്കാനയുടെ വിചാരങ്ങളിലെല്ലാം, ആത്മിയത മുൻപന്തിയിലായിരുന്നു!

*മൂന്നാമത്, അവൻ ദൈവത്തിൽ ആശ്രയിച്ചിരുന്നു (1:23, 28).* ശിശുവായ ശമുവേലിനെ അവൻ നോക്കിയപ്പോൾ, തന്റെ മകനെ സംരക്ഷിക്കുവാനും, അവൻ വളർന്നു, അനുഗ്രഹമായി തീരേണ്ടതിന്നും എൽക്കാന ദൈവത്തോടു പ്രാർത്ഥിക്കുന്നുണ്ട് (1:23). അതെല്ലാം ദൈവത്തിന്റെ നിയന്ത്രണത്തിലാണെന്നു അവൻ അറിഞ്ഞിരുന്നതുകൊണ്ട്, അവൻ പൂർണ്ണമായി ദൈവത്തിൽ ആശ്രയിച്ചിരുന്നു (2:11). ഹന്നായുടെ ആഗ്രഹം (1:28) തീർച്ചയായും എൽക്കാനയുടേതുമായിരുന്നു. അവരുടെ ശിശു ജീവനോടെ ഇരിക്കുവോളം, അവനെ സംരക്ഷിക്കേണ്ടതിനു അവർ ദൈവത്തിൽ ആശ്രയിക്കും.

*നാലാമത്, അവനു അനുഗ്രഹം ലഭിച്ചിരുന്നു (2:20).* വിതയും കൊയ്ത്തും എന്ന തത്വം (ഗലാത്യർ 6) ഇവിടെ പ്രയോഗിച്ചിരിക്കുന്നു. സങ്കീർത്തനം 1-ലെ നീതിമാന്നു അവന്റെ സമർപ്പിത വിശ്വാസം നിമിത്തം അധികം ലഭിച്ചതുപോലെ, എൽക്കാനക്കും തന്റെ ഭക്തിയാൽ അനുഗ്രഹം ലഭിച്ചു. അതേ ഭക്തി വിതക്കുന്ന പിതാക്കന്മാർക്കു അതേ അനുഗ്രഹങ്ങൾ കൊയ്യാം.

**ഉപസംഹാരം**

പുരുഷന്മാരേ, നിങ്ങൾ ഏതു തരം അപ്പന്മാരാണ്? നിങ്ങളുടെ കുട്ടികൾ തിരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്ന തരത്തിലുള്ള അപ്പനാണോ നിങ്ങൾ? എൽക്കാനക്കു ഉണ്ടായിരുന്ന ഒരു ഗുണം പിതൃനിർവിശേഷമായ അവന്റെ കരുതൽ ഭക്തിയിൽ - നയിക്കുന്നതായിരുന്നു എന്നതാണ്. ദൈവവുമായി സഹകരിക്കുന്നതും നീതിപാതകളിൽ കുട്ടികളെ പരിശീലിപ്പിക്കുന്നതുമായ ഉത്തരവാദിത്വങ്ങൾ അവനിൽ നിറഞ്ഞു - കവിഞ്ഞൊഴുകി.

ഭക്തിയുള്ള അപ്പൻ ആകുവാൻ നിങ്ങൾ എൽക്കാനയെ മാതൃകയാക്കുക. ദിവസേന കുട്ടികളുടെ മുമ്പിൽ മതപരമായ തീർച്ച പ്രദർശിപ്പിക്കുക. ദൈവത്തോടു ചെയ്ത എല്ലാ ഉടമ്പടികളും പാലിക്കേണ്ട ആവശ്യം കുട്ടികളെ ബോധ്യമാക്കുക. ദൈവത്തെ ആത്മാർത്ഥമായി ആരാധിക്കുവാൻ കുടുംബത്തെ പ്രോൽസാഹിപ്പിക്കുക.

2:21-നു ശേഷം എൽക്കാന അപ്രത്യക്ഷനാകുന്നു. എന്നാൽ അവന്റെ പിന്നീടുള്ള വർഷങ്ങൾ നോക്കുക. ഒരുപക്ഷെ ശമുവേൽ രാമയിലേക്കു മടങ്ങി ചെന്നപ്പോൾ അവന്റെ മാതാപിതാക്കൾ അപ്പോഴും ജീവിച്ചിരുന്നിരിക്കാം. അങ്ങനെ എങ്കിൽ, അവൻ അടുത്തായിരിക്കാം താമസിച്ചത്. ഭക്തിയുള്ള വല്ല്യപ്പനെ ശമുവേലിന്റെ മക്കൾ അറിഞ്ഞിരിക്കും! എത്ര മനോഹരമായ ചിന്ത! ഓരോ അപ്പനും എൽക്കാനയെ പോലെ ആകാൻ ശ്രമിക്കുകയും തങ്ങളുടെ ഭക്തിയുള്ള പിതൃത്വത്താൽ പ്രസിദ്ധരായി തീരട്ടെ!